SNEC MISSION 2030

Excellence Rooted in Ethics

SAMASTHA NATIONAL EDUCATION COUNCIL (SNEC)

SNEC

# مجلس التعليم الوطني لسمستا

# SAMASTHA National Education Council

www.snec.in



P.M. Abdussalam Bakhavi Vadakkekad, Chairman of the SNEC Academic Council, held an official meeting with Sheikh Muhammad al-Duwaini, Senior Scholar and Undersecretary of Al-Azhar University.



Dr. Abdulla Sayeed, Member of Parliament from Lakshadweep, visited the SNEC Office. During the visit, he was accompanied by Sayyid Muhammad Koya Thangal Jamalullaili, Governing Council Member of SNEC and Qazi of Kozhikode.



Abu Saleh Shariff, Advisor to former Prime Minister Dr. Manmohan Singh and Member of the Sachar Committee, visited the SNEC Central Office.



Prof. K. Alikutty Musliyar, General Secretary of Samastha Kerala Jamiyyathul Ulama, presented a token of esteem on behalf of SNEC to Dr. Ibrahim Hodhud, former Chancellor of Al-Azhar University. The occasion was graced by the presence of Sayyid Muhammad Jifri Muthukkoya Thangal, President of Samastha Kerala Jamiyyathul Ulama, and Dr. M.P. Abdussamad Samadani.

# സമസ്ത കേരള ജംഇയ്യത്തുൽ ഉലമ

കേരള മുസ്‌ലിംകൾക്കിടയിൽ ജനകീയ അടിത്തറയുള്ള പണ്ഡിത പ്രസ്ഥാനമാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ. 1926 ജൂൺ 26ന് രൂപീകൃതമായ സമസ്ത, കേരളത്തിലെ മുസ്‌ലിംകളുടെ വിശ്വാസ ആദർശ പ്രചാരണത്തിനും അവകാശ സംരക്ഷണത്തിനും മതവിദ്യാഭാസത്തിനും നേതൃത്വം നൽകുന്നു.

പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനായി സമസ്ത കേരള ഇസ്‌ലാം മതവിദ്യാഭ്യാസ ബോർഡ്, യുവജനങ്ങൾക്ക് ആദർശാധിഷ്ഠിത ജീവിതം ക്രമപ്പെടുത്തുന്നതിന് സുന്നി യുവജന സംഘം (SYS), വിദ്യാർത്ഥികളെ ധാർമിക വഴിയി ൽ ഉറപ്പിക്കുന്നതിനായി സമസ്ത കേരള സുന്നി സ്റ്റുഡന്റ്സ് ഫെഡറേഷൻ (SKSSF), മഹല്ലുകൾക്ക് മാർഗനിർദേശ ങ്ങൾ നൽകുന്നതിനായി സുന്നി മഹല്ല് ഫെഡറേഷൻ (SMF) തുടങ്ങിയ 14 പോഷക സംഘടനകൾ സമസ്ത യുടെ ആശയങ്ങൾ വിവിധ വഴികളിലൂടെ പ്രചരിപ്പിക്കു ന്നതിൽ നേതൃത്വം നൽകുന്നു.

സമുദായത്തിനകത്തും പുറത്തും സമസ്തയുടെ സന്ദേശ പ്രചാരണം സാധ്യമാക്കുന്നതിനായി വിവിധ പ്രസിദ്ധീകരണങ്ങൾക്ക് തുടക്കം കുറിച്ചു. ആദ്യം അറബി-മലയാളത്തിലും പിന്നീട് 1954ൽ മലയാളത്തിലുമായി പ്രസിദ്ധീകരികരിച്ച അൽബയാൻ മാസിക സമസ്തയുടെ പ്രഥമ ആനുകാലികമാണ്. മദ്റസ അധ്യാപകർക്കായി അൽമുഅല്ലിം മാസിക, വിദ്യാർത്ഥികൾക്കായി കുരുന്ന് മാസിക, വനിതകൾക്കായി സന്തുഷ്ട കുടുംബം മാസിക, ആദർശ വിഷയങ്ങളും സമകാലിക ചർച്ചകളും ഉൾക്കൊള്ളുന്ന സുന്നി അഫ്കാർ വാരിക, സത്യധാര ദ്വൈവാരിക തുടങ്ങിയ ആനുകാലികങ്ങൾ സമസ്തയുടെ പ്രസിദ്ധീകരണങ്ങളാണ്. 2013ൽ തുടങ്ങിയ സുപ്രഭാതം ദിനപത്രം മലയാള വാർത്താ പ്രസിദ്ധീകരണ രംഗത്ത് ശ്രദ്ധേയമായ ചുവടുവെപ്പായി നിലകൊള്ളുന്നു.

# വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

മത വിദ്യാഭ്യാസത്തെ പ്രചരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് പുറമെ മതവിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും ഹാനിതട്ടാത്ത വിധം ലൗകിക വിദ്യാഭ്യാസ വിഷയത്തിലും വേണ്ടത് പ്രവർത്തിക്കുക എന്ന് സമസ്തയുടെ ഭരണഘടനയിലെ പ്രധാന വകുപ്പായ 'ഡി'യിൽ പറയുന്നുണ്ട്. 1951-ൽ രൂപീകൃതമായ സമസ്ത കേരള ഇസ്‌ലാം മതവിദ്യാഭ്യാസ ബോർഡ് ലോകത്തിന് തന്നെ മാതൃകയാവുന്ന നിലയിലാണ് വിദ്യാഭ്യാസ മേഖലയിൽ ഇടപെട്ട് കൊണ്ടിരിക്കുന്നത്. ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലായി പ്രാഥമിക മതപഠനം വിദ്യാർത്ഥികൾക്ക് നൽകി വരുന്ന 11014 മദ്റസകൾ കേരളം ഉൾപ്പെടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ, ഗൾഫ് രാജ്യങ്ങൾ, മലേഷ്യ, ലക്ഷദ്വീപ് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. റഗുലർ മദ്റസ പഠനത്തിന് അവസരം ലഭിക്കാത്ത ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിവിധ ഭാഷകൾ സംസാരിക്കുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ മദ്റസ പഠനത്തിന് സൗകര്യം ഒരുക്കുന്ന ഇ-ലേണിങ് മദ്റസ കാലത്തിന്റെ അനിവാര്യതയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. സ്കൂൾ പഠന മേഖലയിൽ പുതിയ ദിശാബോധം തുറന്നിട്ട അൽബിർറ്, അസ്മി, സ്ത്രീ വിദ്യാഭ്യാസത്തിന്റെ പുതുലോകം അവിഷ്കരിച്ച ഫാളില-ഫളീല എന്നീ സംവിധാനങ്ങൾക്കും സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് ഔദ്യോഗികമായി നേതൃത്വം നൽകുന്നു. മതപഠനവും ആത്മീയ ശിക്ഷണവും നൽകി സമൂഹത്തെ ആത്മീയമായി നയിക്കാൻ ശേഷിയുള്ള ഉലമാഇനെ വളർത്തുന്ന നൂറുകണക്കിന് പള്ളിദർസുകൾ സമസ്ത പരിപാലിച്ചുകൊണ്ടിരിക്കുന്നു. മതഭൗതിക വിദ്യാഭ്യാസത്തിന്റെ ആത്മാവ് ഉൾക്കൊള്ളുന്ന വിവിധ കരിക്കുലങ്ങൾക്കു കീഴിൽ പ്രവർത്തിക്കുന്ന നിരവധി മതപാഠശാലകളും അറബിക് കോളേജുകളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുന്നു.



# സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (SNEC)




സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ നിർദേശ പ്രകാരം സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിനു കീഴിൽ നിലവിൽ വന്ന ഉന്നത വിദ്യാഭ്യാസ സംരംഭമാണ് സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (എസ്.എൻ.ഇ.സി). മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ-സാമൂഹിക ശാക്തീക രണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന, ഉത്തമ വിദ്യാഭ്യാസ മാർഗങ്ങളെ സമഗ്രവും ഫലപ്രദവുമായി ഉപയോഗപ്പെടുത്തി മത വിജ്ഞാനവും പൊതു വിജ്ഞാനവും സ്വായത്തമാക്കിയ മതബോധമുള്ള തലമുറയെ നിർമിക്കുന്ന സംവിധാനമാണിത്. സമസ്തയുടെ പണ്ഡിതരുടെയും വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരുടെയും സക്രിയമായ നേതൃ സമ്പന്നതയിലാണ് എസ്.എൻ.ഇ.സി പ്രവർത്തിക്കുന്നത്. നിലവിൽ കേരളത്തിലും ഇതര സംസ്ഥാനങ്ങളി ലുമായി 50 വിദ്യാഭ്യാസ സ്ഥാപനങ്ങൾ എസ്.എൻ.ഇ.സിയോട് അഫലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നു.

## ലക്ഷ്യം

ധാർമിക മൂല്യങ്ങളിലധിഷ്ഠിതമായ മത-ഭൗതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക വഴി മതബോധമുള്ള പ്രതിഭാശാലികളെ വാർത്തെടുക്കുകയെന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ കീഴിൽ എസ്.എൻ.ഇ.സി രൂപപ്പെടുത്തിയ വിദ്യാഭ്യാസ സംവിധാന ങ്ങളെ ഏകീകരിപ്പിച്ച് സർവകലാശാല നിലവാരത്തിലുള്ള കേന്ദ്രീകൃത ക്യാംപസ് യഥാർഥ്യമാക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.




# SNEC Governing Body



Chairman

SAYYID MUHAMMAD
JIFRI MUTHUKKOYA THANGAL



G. Convenor

P.P UMAR MUSLIYAR
KOYYODU



Treasurer

SAYYID SADIQALI
SHIHAB THANGAL, PANAKKAD



V.Chairman

PROF. K. ALIKUTTY MUSLIYAR
THIRURKAD



V.Chairman

M.T. ABDULLAH MUSLIYAR
PANANGANGARA



Convenor

P.M. ABDUSSALAM BAQAVI
VADAKKEKAD



Convenor

ISMAIL KUNHU HAJI
MANNAR

## MEMBERS

Umar Faizi Mukkam
Dr. Bahauddeen Muhammad Nadwi
A.V. Abdu Rahman Musliyar
P.K. Hamsakutty Bakhavi Adyassery
Dr. C.K. Abdu Rahman Faizi Aripra
Sayyid Muhammad Koya Thangal Jamalullaili
Sayyid Pookoya Thangal Kadampuzha
Sayyid Moyeen Ali Shihab Thangal Panakkad
Dr. N.A.M. Abdul Khader
Abdussamad Pookkottur
M.C. Mayin Haji Nallalam
O. Abdul Hameed Faizi Ambalakkadavu
M. Abdu Rahman Musliyar Kodak
E. Moideen Faizi Puthanazhi

K. Moyin Kutty Master Cheruvadi
Ibrahim Faizi Peral
A.M. Pareed Ernakulam
K.A. Rahman Faizi Kavanur
S.V. Muhammadali
Dr. Basheer Panangangara
Sathar Panthallur
Safari Zainul Abidin
U. Muhammad Shafi Haji Chemmad
Musthafa Mundupara
Nasar Faizi Koodathayi
Rasheed Faizi Vellayikkode
Sulaiman Darimi Elamkulam

www.snec.in

# SNEC Academic Council



Chairman

P.M ABDUSSALAM BAQAVI, VADAKKEKAD



G. Convenor

DR. BASHEER PANANGANGARA

## MEMBERS

- Dr. N.A.M. Abdul Khader
- Abdul Hameed Faizi Ambalakkadavu
- Abdussamad Pookkottur
- S.V. Muhammadali
- Hamsa Rahmani Kondiparamba
- Shuhaibul Haithami
- Dr. Muhammad Aslam Wafy
- Abdullah Mujtaba Faizi Anakkara
- Dr. Shafeeq Rahmani Vazhippara
- Dr. K.T. Jabir Hudavi
- Siddiq Nadwi Cherur
- Salim Faizi Kolathur
- Dr. M. Abdul Khayyoom Kadampod
- Abdul Baqi Kannur



# ഉദ്യമങ്ങൾ

- പാരമ്പര്യത്തിലൂന്നിയതും പുതിയ കാലത്തോട് സംവദിക്കുന്നതുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.
- ശരീഅ, ശരീഅ പ്ലസ് ഷീ, ഷീ പ്ലസ് ലൈഫ് ലൈഫ് പ്ലസ്, ബയ്യിനാത് ആഫാഖ് തുടങ്ങിയ വിവിധ പ്രോഗ്രാമുകളിൽ പ്രവേശനം
- പ്രതിഭാശാലികളായ പണ്ഡിതരെയും പണ്ഡിതകളെയും വാർത്തെടുക്കാനുതകുന്ന അക്കാദമിക പ്രവർത്തനങ്ങൾ.
- അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആദർശത്തിലധിഷ്ഠിതമായ കരിക്കുലം.
- മികച്ച പഠനാനുഭവങ്ങൾക്കായി ബ്ലെൻഡഡ് സിസ്റ്റം
- നേതൃ പാടവം വ്യക്തിത്വം, സർഗ ശേഷി തുടങ്ങിയവ വളർത്തുന്ന ലൈഫ് സ്കിൽ ട്രെയിനിങ്.
- ശാസ്ത്രം ആരോഗ്യം, പരിസ്ഥിതി അവബോധം.
- വിവിധ വിദ്യാഭ്യാസ സംവിധാനങ്ങളെ ഏകീകരിപ്പിച്ച് സർവ്വകലാശാല നിലവരത്തിലുള്ള എജ്യൂസിറ്റി








## SANAAE & SANAA-IYYA

2024 ജനുവരി 28ന് ബംഗളൂരുവിൽ വച്ച് നടന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ മുശാവറ അംഗീകരിക്കുകയും പ്രസ്തുത ദിവസം തന്നെ ബംഗളൂരുവിലെ പാലസ് ഗ്രൗണ്ടിൽ നടന്ന സമസ്ത നൂറാം വാർഷിക ഉദ്ഘാടന സമ്മേളനത്തിൽ സമസ്ത പ്രസിഡന്റും എസ്.എൻ.ഇ.സി ചെയർമാനുമായ സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ ശരീഅ, ഷീ സ്ട്രീം പൂർത്തിയാക്കുന്നവർക്ക് നൽകുന്ന ബിരുദ നാമങ്ങളായി സനാഇ, സനാഇയ്യ പ്രഖ്യാപിക്കുകയും ചെയ്തു. ഹദീസിൽ പ്രയോഗിക്കപ്പെട്ട പ്രഭ, ഔന്നത്യം എന്നർത്ഥമുള്ള [illegible] നാമങ്ങളുടെ പ്രചോദനങ്ങളിൽ ഒന്നാണ്. ശരീഅ പ്ലസ്, ഷീപ്ലസ് സ്ട്രീമുകളിലും ഇവ തന്നെയാണ് ബിരുദനാമം.

## SNEC DAY-MARCH 16

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ തീരുമാനപ്രകാരം ആരംഭിച്ച എസ്.എൻ.ഇ.സിയുടെ, സെൻട്രൽ ഓഫീസ് കോഴിക്കോട് സമസ്ത കാര്യാലയത്തിൽ തുറക്കുകയും പ്രവർത്തനങ്ങൾ ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്ത

## SNEC EDUCITY

വിവിധ സ്ട്രീമുകളുടെ സെൻട്രൽ ക്യാംപസുകളും മാനവവിഭവശേഷി കേന്ദ്രങ്ങളും ഉൾപ്പെടുന്ന ബൃഹത്തായ പദ്ധതി. സമസ്തയുടെ നൂറാം വാർഷിക സ്മരണാർഥം "സമസ്ത സെന്റിനറി എജ്യു സിറ്റി" എന്നാണ് നാമധേയം. Finishing School, Multi-Purpose Training Centers, Amphitheatre, Cultural Center, Research Centers, Audiovisual Theatre, Medication Hall, Heritage Museum, Convention Center തുടങ്ങിയ സംവിധാനങ്ങൾ എജ്യു സിറ്റിയിൽ ഉണ്ടായിരിക്കും.

www.snec.in

# സ്കൂൾ ഏഴാം ക്ലാസിനു ശേഷം

## SPB 05
### ശരീഅ പ്ലസ് (BOYS) സനാഇ

- 3+2+3+2
- മതപഠനം
- SSLC, പ്ലസ് ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- യു.ജി+പി.ജി

## SPG 06
### ഷീ പ്ലസ് (GIRLS) സനാഇയ്യ

- 3+2+3
- മതപഠനം
- SSLC, പ്ലസ്ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- യു.ജി
- പി.ജി-Optional (Hybrid Learning)

## LPB 07
### ലൈഫ് പ്ലസ് (BOYS)

- 3+2+3+2
- SSLC, പ്ലസ്ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്, സയൻസ്)
- MED-Eng എൻട്രൻസ് കോച്ചിങ്
- യു.ജി+പി.ജി
- മതപഠനം

## LPB 08
### ലൈഫ് പ്ലസ് (GIRLS)

- 3+2+3+2
- SSLC, പ്ലസ്ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്, സയൻസ്)
- MED-Eng എൻട്രൻസ് കോച്ചിങ്
- യു.ജി+പി.ജി
- മതപഠനം

## BB 09
### ബയ്യിനാത് HIFZ (BOYS)

- 2+4+2
- മതപഠനം
- പ്ലസ്ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- യു.ജി+പി.ജി

## BG 10
### ബയ്യിനാത് HIFZ (GIRLS)

- 2+3
- മതപഠനം
- പ്ലസ്ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- യു.ജി
- പി.ജി- Optional (Hybrid Learning)

## AB 11
### ആഫാഖ് URDU (BOYS)

- 2+4+2
- മതപഠനം
- പ്ലസ്ടു (ആർട്സ് കൊമേഴ്സ് സയൻസ്)
- യു.ജി+പി.ജി

## AB 12
### ആഫാഖ് URDU (GIRLS)

- 2+4+2
- മതപഠനം
- പ്ലസ്ടു (ആർട്സ് കൊമേഴ്സ് സയൻസ്)
- യു.ജി
- പി.ജി-Optional (Hybrid Learning)

# SSLCക്കു ശേഷം

## SB 01

### ശരീഅഃ (BOYS) സനാഇ

- 2+4+2
- മതപഠനം
- പ്ലസ്ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- യു.ജി+പി.ജി

## SG 02

### ഷീ (GIRLS) സനാഇയ്യ

- 2+3
- മതപഠനം
- പ്ലസ്ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- യു.ജി
- പി.ജി- Optional (Hybrid Learning)

## LB 03

### ലൈഫ് (BOYS)

- 2+3+2
- പ്ലസ്ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്, സയൻസ്)
- MED-Eng എൻട്രൻസ് കോച്ചിങ്
- യു.ജി+പി.ജി
- മതപഠനം

## LG 04

### ലൈഫ് (GIRLS)

- 2+3+2
- പ്ലസ്ടു (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്, സയൻസ്)
- MED-Eng എൻട്രൻസ് കോച്ചിങ്
- യു.ജി+പി.ജി
- മതപഠനം



## QMS



അഫിലിയേഷൻ, അസ്സസ്മെന്റ്, അക്രഡിറ്റേഷൻ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായി എസ്.എൻ.ഇ. സിയുടെ മുഴുവൻ സ്ഥാപനങ്ങളിലും ഇൻസ്പെക്ഷ നുകൾ നടക്കുന്നു. സ്ഥാപന സൗകര്യങ്ങൾ, ഡോക്യുമെന്റ് പരിശോധന, വിദ്യാർഥികളുമായി ക്ലാസ്സ് വൈസ് ഇന്ററാക്ഷൻ, സ്റ്റുഡന്റ് അസംബ്ലി, ടീച്ചേഴ്സ് മീറ്റിങ്, പേരെന്റ്സ് മീറ്റിംഗ്, മാനേജ്മെന്റ് മീറ്റിങ് എന്നിവ ഇൻസ്പെക്ഷൻ ഷെഡ്യൂളിൽ ഉൾപ്പെടുന്നു. സ്ഥാപനങ്ങളിൽ ശ്രദ്ധയി ൽപെടുന്ന പോരായ്മകൾ പരിഹരിപ്പിച്ചും ലഭിക്കുന്ന നിർദേശങ്ങൾ ചർച്ച ചെയ്ത് ഉചിതമായത് സ്വീകരി ച്ചുമാണ് ക്യു.എം.എസ് മുന്നോട്ടു പോകുന്നത്.

## SAQAF (ACCREDITATION)



സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഗ്രേഡിംഗ് നൽകുന്നു. അഡ്മനിസ്ട്രേഷൻ & മാനേജ്മെന്റ്, ഇൻഫ്രസ്ട്രക്ചർ & നളാഫ പ്രാക്ടീസസ്, കരിക്കുലർ ആസ്പെക്ടസ് & തർബിയ പ്രാക്ടീസസ്, കോകരിക്കുലർ ആസ്പെക്ടസ്, റിസർച്ച് & ക്രീയേറ്റീവിറ്റി, ഡിജിറ്റൽ അഡ്വാൻസ്മെന്റ്, കമ്യൂണിറ്റി എൻഗേജ്മെന്റ് & ദഅ്വ ആക്ടിവിറ്റീസ്, യുനീക് പ്രാക്ടീസസ്, സ്റ്റെയ്ക് ഹോൾഡേഴ്സ് റിഫ്ളക്ഷൻ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് അക്രഡിറ്റേഷൻ പ്രക്രിയ നടക്കുന്നത്.

## MENTORING SYSTEM



ഓരോ വിദ്യാർഥിയുടെയും പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളെ കൃത്യമായി അടയാളപ്പെടുത്തുക, കുറവുകൾ നികത്തുക, അനുയോജ്യമായ പിന്തുണ നൽകുക തുടങ്ങി ഓരോ വിദ്യാർഥിയുടെയും കൂടെ നിന്ന് വളർത്താനും സ്വയം വളരാനുമുള്ള അവസരമാണ് മെന്ററിങ്. മെന്റീ ഹാൻഡ്ബുക് വഴി ഓരോ കുട്ടിയേയും മെന്റർ കൃത്യമായി അടയാളപ്പെടുത്തുന്നതിലൂടെ വിദ്യാർഥിക്കും മെന്ററിനും പ്രോഗ്രസ് കൃത്യമായി മനസിലാക്കാൻ സാധിക്കുന്നു. ഓരോ അധ്യാപകനും നിശ്ചിത വിദ്യാർഥികളെ മെന്ററിങ്ങിനായി അധ്യയന വർഷാരംഭത്തിൽ അസൈൻ ചെയ്ത് നൽകുന്നതായിരിക്കും.

## THAFHEEM (FDP)




പ്രിൻസിപ്പൽമാർക്കും അധ്യാപകർക്കും പഠന-പഠനാനു ബന്ധ പ്രവർത്തനങ്ങളെ കുറിച്ച് വിദഗ്ധരുടെ ക്ലാസുക ൾ നൽകുന്നു. മോഡൽ ക്ലാസുകൾ, റിഫ്ലക്ഷൻ സെഷൻ, ടീച്ചിങ് മെത്തഡോളജി എന്നിവ ശില്പശാല യുടെ ഭാഗമായി നടക്കുന്നു.

## MUQADDIMA (INDUCTION)

ശരീഅ, ഷീ, ലൈഫ്, ശരീഅ പ്ലസ്, ഷീ പ്ലസ്, ലൈഫ് പ്ലസ് ബയ്യിനാത് സ്ട്രീമുകളുടെ കേന്ദ്രീകൃത പഠനാരംഭം സയ്യിദന്മാരുടെയും പണ്ഡിതരുടെയും നേതൃത്വത്തിൽ മുഖദ്ദിമ എന്ന പേരിൽ അധ്യയന വർഷാരംഭത്തിൽ നടക്കുന്നു. വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്ക ളും സമസ്ത പ്രവർത്തകരുമെല്ലാം സംഗമിക്കുന്നൊരു വേദിയായി അത് മാറുന്നു.




## TALENTS MEET




വിദ്യാർഥികളുടെ സർഗാത്മക ശേഷി, അറബി, ഇംഗ്ലീഷ്, ഉർദു ഭാഷാ നൈപുണ്യം, ലൈഫ് സ്കിൽ, സോഫ്റ്റ് സ്കിൽ തുടങ്ങിയവയിലൂന്നിയ കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. സാനവിയ്യ, ബകാലൂരിയ്യ വിഭാഗങ്ങ ളിലായി നൂറോളം ഇനങ്ങങ്ങളിൽ വിവിധ സ്ട്രീം വിദ്യാർഥികൾ മാറ്റുരയ്ക്കുന്നു. പ്രാഥമിക മത്സരങ്ങൾ കോളേജ് തലത്തിലും പിന്നീട് സോണൽ തലത്തിലും ഒടുവിൽ ഇന്റർസോൺ തലത്തിലും മത്സരങ്ങൾ അരങ്ങേറുന്നു.

## EXPERT TALK



അറബി, ഇംഗ്ലീഷ്, ഉർദു ഭാഷകളിൽ, വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായ ദേശീയ, അന്തർദേശീയ ഫാക്കൽറ്റികൾ നയിക്കുന്ന പ്രതിമാസ ക്ലാസുകൾ നടക്കുന്നു. അറിവ് വർധിപ്പിക്കുന്നതോടൊപ്പം ഇതരഭാഷകൾ മനസിലാക്കാനും സംസാരിക്കാനും വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നു.

## CASCADING

വിദ്യാർത്ഥികളുടെ കഴിവുകൾ കോളജ് വൃത്തത്തിനപ്പുറം എത്തിക്കുക, സോഫ്റ്റ് സ്കില്ലുകൾ വളർത്തുക, എസ്.എൻ.ഇ.സി വിദ്യാർഥികൾക്കിടയിൽ വൈജ്ഞാനിക കൊടുക്കൽ വാങ്ങൽ പ്രക്രിയ സജീവമാക്കുക എന്നിവയാണ് കാസ്കേയ്ഡിങ് പരിപാടിയിലൂടെ ലക്ഷീകരിക്കുന്നത്.



## PARENTS MEET



മുഴുവൻ രക്ഷിതാക്കളും പങ്കെടുക്കുന്ന മെഗാ പാരെന്റ്സ് മീറ്റ് വിപുലമായി നടക്കുന്നു. നിലവിലെ പ്രവർത്തനങ്ങൾ, ഭാവി പദ്ധതികൾ തുടങ്ങിയ ചർച്ചകളും ആത്മീയ സാരോപദേശങ്ങളും ദുആയും നടക്കുന്നു.

# OUR PROGRAMS




# SHAREEA PLUS (3+2+3+2)

## ഉദ്ദേശ്യലക്ഷ്യങ്ങൾ

- ഖുർആൻ, ഹദീസ്, കർമ്മശാസ്ത്രം തുടങ്ങിയവയിൽ അവഗാഹമുള്ള പണ്ഡിതരെ സൃഷ്ടിക്കുക.
- മന:ശാസ്ത്രം, സാമൂഹിക അവബോധം എന്നിവയിൽ നിപുണരായ മതമേഖലയിലെ അധ്യാപകരെ വാർത്തെടുക്കുക.
- കൗൺസിലിങ്, നേതൃ പാടവം, ഭാഷാ വൈഭവം എന്നിവ ഒത്തിണങ്ങിയ പണ്ഡിതരെ ഉണ്ടാക്കുക.
- ഉന്നത യൂനിവേഴ്സിറ്റികളിൽ അധ്യാപനം നടത്താനും അന്താരാഷ്ട്ര കോൺഫറൻസുകളിൽ വിഷയാവതരണം നടത്താനും കഴിയുന്ന ഉയർന്ന നിലവാരത്തിലുള്ള അക്കാദമിക വിദഗ്ധർ, ചിന്തകർ, എഴുത്തുകാർ തുടങ്ങിയവരെ സൃഷ്ടിക്കുക.
- മതമേഖലയിലെ ബിരുദത്തിനു പുറമേ സോഷ്യൽ സയൻസ്, ലാംഗ്വേജ് തുടങ്ങിയ വിഭാഗങ്ങളിൽ യു.ജി.സി അംഗീകൃത യു.ജിയും പി.ജിയും നേടുക.

മത മേഖലയിൽ ധിഷണയും അവഗാഹവുമുള്ള പ്രതിഭാശാലികളായ പണ്ഡിതരെ വാർത്തെടുക്കുന്നതിനു വേണ്ട ചിട്ടയായ പഠനരീതി.

www.snec.in

# SHE Plus (3+2+3+2)



## ഉദ്ദേശ്യലക്ഷ്യങ്ങൾ

- മതാന്തരീക്ഷത്തിലും സുരക്ഷിതത്വത്തിലും പെൺകുട്ടികൾക്ക് ഉന്നത മത-ഭൗതിക വിദ്യാഭ്യാസം നൽകുക.
- ഗുണമേന്മയുള്ള വിദ്യാഭ്യാസവും തർബിയത്തും നൽകി മികച്ച നൈപുണ്യമുള്ള വനിതകളെ വാർത്തെടുക്കുക.
- മികച്ച അധ്യാപകരായും അഡ്മിനിസ്ട്രേറ്റർമാരായും വനിതകളെ പ്രാപ്തരാക്കുക.
- ഉത്തമ മാർഗ ദർശനം നൽകാൻ പ്രാപ്തരായ കുടുംബിനികളെ വാർത്തെടുക്കുക.
- സ്ത്രീകൾക്കിടയിൽ പ്രബോധന പ്രവർത്തനങ്ങൾ നടത്താവുന്നവരെ വാർത്തെടുക്കുക.

ഗുണമേന്മയുള്ള വിദ്യാഭ്യാസവും തർബിയതും തസ്കിയതും നൽകി പണ്ഡിതകളെയും മികച്ച കുടുംബിനികളെയും വാർത്തെടുക്കുന്ന പഠനരീതി.

# ഉദ്ദേശ്യലക്ഷ്യങ്ങൾ

- ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് തുടങ്ങിയ യു.പി.എസ്.സി മേഖലയിലേക്കും എസ്.എസ്.സി-സി.ജി.എൽ തുടങ്ങിയ മേഖലയിലേക്കും പ്രാപ്തരായ പ്രതിഭകളെ സൃഷ്ടിക്കുക.
- പി.എസ്.സിക്കും മറ്റു പൊതു പരീക്ഷകൾക്കും പരിശീലിപ്പിക്കുക.
- ലോ, മീഡിയ, സോഷ്യൽ സയൻസ്, ബിസിനസ്, ഐടി ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡിസൈനിങ് തുടങ്ങിയ മേഖലയിലേക്കുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുക.
- ഗുണനിലവാരമുള്ള അധ്യാപകരെ പരിശീലിപ്പിക്കുക സയൻസ് വിഷയങ്ങളിൽ പ്രാപ്തരായവരെ കണ്ടെത്തി ജൂനിയർ ശാസ്ത്രജ്ഞർ, ഗവേഷകർ തുടങ്ങിയവരെ വാർത്തെടുക്കുക.
- മതബോധവും കാഴ്ചപ്പാടും ഇസ്ലാമിക ചിട്ടയുമുള്ളവരാക്കി വളർത്തുക.

**LIFE Plus (3+2+3+2)**

മതബോധവും പ്രതിഭയുമുള്ള
പ്രൊഫഷനലുകളെ വാർത്തെടുക്കുന്ന
പഠനരീതി.



www.snec.in

# BAYYINATH (3+2+3+2)

മത മേഖലയിൽ അവഗാഹവും ഖുർആൻ പഠനത്തിൽ സവിശേഷമായ അറിവുമുള്ള **ഹാഫിളുകളായ പണ്ഡിതരെ വാർത്തെടുക്കുന്നു.**

## ഉദ്ദേശ്യലക്ഷ്യങ്ങൾ

- വ്യവസ്ഥാപിത കരിക്കുലത്തിൽ ഹിഫ്ള് ദൗറ ഉന്നത പണ്ഡിതരുടെ ഇജാസത്തോടെ തജ്‌വീദ്, തിലാവ പരിശീലനം നേടുന്നു.
- മുതശാബിഹാതുൽ ഖുർആൻ, ഉലൂമുൽ ഖുർആൻ, ഇഅ്ജാസുൽ ഖുർആൻ തുടങ്ങിയ ഖുർആൻ അനുബന്ധ വിഷയങ്ങളിൽ സമഗ്രപഠനം നടത്തുന്നു.
- കണ്ഠംപററി ഖുർആൻ പഠനം നടത്തുന്നു.
- വിവിധ അന്താരാഷ്ട്ര ഖുർആൻ ഇൻസ്റ്റിട്യൂടുകളുമായി സഹകരിച്ച് പഠന പ്രവർത്തനം നൽകപ്പെടുന്നു.
- പ്രാക്ടിക്കൽ & റിസർച്ച് പ്രൊജക്റ്റുകളും ഇസ്‌ലാമിക് ലീഡർഷിപ്പ് പ്രോഗ്രാമും ക്രിയാത്മകമായി നടത്തപ്പെടുന്നു.



www.snec.in



# SHARI'A (2+4+2)

## ഉദ്ദേശ്യലക്ഷ്യങ്ങൾ

- ഖുർആൻ, ഹദീസ്, കർമ്മശാസ്ത്രം തുടങ്ങിയവയിൽ അവഗാഹമുള്ള പണ്ഡിതരെ സൃഷ്ടിക്കുക.
- മന:ശാസ്ത്രം, സാമൂഹിക അവബോധം എന്നിവയിൽ നിപുണരായ മതമേഖലയിലെ അധ്യാപകരെ വാർത്തെടുക്കുക.
- കൗൺസിലിങ്, നേതൃ പാടവം, ഭാഷാ വൈഭവം എന്നിവ ഒത്തിണങ്ങിയ പണ്ഡിതരെ ഉണ്ടാക്കുക.
- ഉന്നത യൂനിവേഴ്സിറ്റികളിൽ അധ്യാപനം നടത്താനും അന്താരാഷ്ട്ര കോൺഫറൻസുകളിൽ വിഷയാവതരണം നടത്താനും കഴിയുന്ന ഉയർന്ന നിലവാരത്തിലുള്ള അക്കാദമിക വിദഗ്ധർ, ചിന്തകർ, എഴുത്തുകാർ തുടങ്ങിയവരെ സൃഷ്ടിക്കുക.
- മതമേഖലയിലെ ബിരുദത്തിനു പുറമേ സോഷ്യൽ സയൻസ്, ലാംഗ്വേജ് തുടങ്ങിയ വിഭാഗങ്ങളിൽ യു.ജി.സി അംഗീകൃത യു.ജിയും പി.ജിയും നേടുക.

**മത മേഖലയിൽ ധിഷണയും അവഗാഹവുമുള്ള പ്രതിഭാശാലികളായ പണ്ഡിതരെ വാർത്തെടുക്കുന്നതിനു വേണ്ട ചിട്ടയായ പഠനരീതി.**

www.snec.in

## SHE (2+3)

ഗുണമേന്മയുള്ള വിദ്യാഭ്യാസവും തർബിയത്തും തസ്കിയതും നൽകി പണ്ഡിതകളെയും മികച്ച കുടുംബിനികളെയും വാർത്തെടുക്കുന്ന പഠന രീതി.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

- മതാന്തരീക്ഷത്തിലും സുരക്ഷിതത്വത്തിലും പെൺകുട്ടികൾക്ക് ഉന്നത മത-ഭൗതിക വിദ്യാഭ്യാസം നൽകുക.
- ഗുണമേന്മയുള്ള വിദ്യാഭ്യാസവും തർബിയത്തും നൽകി മികച്ച നൈപുണ്യമുള്ള വനിതകളെ വാർത്തെടുക്കുക.
- മികച്ച അധ്യാപകരായും അഡ്മിനിസ്ട്രേറ്റർമാരായും വനിതകളെ പ്രാപ്തരാക്കുക.
- ഉത്തമ മാർഗ ദർശനം നൽകാൻ പ്രാപ്തരായ കുടുംബിനികളെ വാർത്തെടുക്കുക.
- സ്ത്രീകൾക്കിടയിൽ പ്രബോധന പ്രവർത്തനങ്ങൾ നടത്താവുന്നവരെ വാർത്തെടുക്കുക.



# LIFE (2+4+2)

മതബോധവും പ്രതിഭയുമുള്ള പ്രൊഫഷനലുകളെ വാർത്തെടുക്കുന്ന പഠനരീതി.






## ഉദ്ദേശ്യലക്ഷ്യങ്ങൾ

- മെഡിക്കൽ, എഞ്ചിനീയറിങ് എൻട്രൻസ് പരിശീലനം നൽകുക.
- ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് തുടങ്ങിയ യു.പി.എസ്.സി മേഖലയിലേക്കും എസ്.എസ്.സി-സി.ജി.എൽ തുടങ്ങിയ മേഖലയിലേക്കും പ്രാപ്തരായ പ്രതിഭകളെ സൃഷ്ടിക്കുക.
- പി.എസ്.സിക്കും മറ്റു പൊതു മത്സര പരീക്ഷകൾക്കും പരിശീലിപ്പിക്കുക.
- ലോ, മീഡിയ, സോഷ്യൽ സയൻസ്, ബിസിനസ്, ഐടി ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡിസൈനിങ് തുടങ്ങിയ മേഖലയിലേക്കുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുക.
- ഗുണനിലവാരമുള്ള അധ്യാപകരെ പരിശീലിപ്പിക്കുക സയൻസ് വിഷയങ്ങളിൽ പ്രാപ്തരായവരെ കണ്ടെത്തി ജൂനിയർ ശാസ്ത്രജ്ഞർ, ഗവേഷകർ തുടങ്ങിയവരെ വാർത്തെടുക്കുക.
- മതബോധവും കാഴ്ചപ്പാടും ഇസ്ലാമിക ചിട്ടയുമുള്ളവരാക്കി വളർത്തുക.

# AFAQ URDU (2+3+2+4+2)

കേരളേതര സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്ന് മത മേഖലയിൽ അവഗാഹമുള്ള പണ്ഡിതരെ വാർത്തെടുക്കുന്ന പഠനരീതി.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

- മാതൃഭാഷ, ഉറുദു, അറബിക് ഭാഷകളിൽ പ്രാവീണ്യം നേടുന്നു.
- സെക്കണ്ടറി, ഹയർ സെക്കണ്ടറി, ബിരുദ, ബിരുദാനന്തര പഠനങ്ങളെ ഉന്നത മത വിദ്യാഭ്യാസവുമായി സംയോജിപ്പിക്കുന്ന സംയോജിത പാഠ്യപദ്ധതിയിലൂടെ പ്രതിഭാശാലികളാക്കി വാർത്തെടുക്കുക.
- പരമ്പരാഗത ശൈലിയിലുള്ള പഠന രീതി നിലനിർത്തിക്കൊണ്ട് വിദഗ്ദ്ധപണ്ഡിതന്മാർ തയ്യാറാക്കിയ വ്യവസ്ഥാപിതമായ സിലബസിൽ പഠനം നടത്തുക.
- സമഗ്രമായ ജീവിത നൈപുണ്യ പരിശീലനം നേടുക.





SNEC MISSION 2030
Excellence Rooted in Ethics

# അക്കാദമിക് എക്സലൻസ് (Academic Excellence)

വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഉന്നത നിലവാരം ഉറപ്പാക്കിക്കൊണ്ട് മികച്ചൊരു തലമുറയെ വാർത്തെടുക്കാൻ SNEC ലക്ഷ്യമിടുന്നു.

## ഇതിനായുള്ള പ്രധാന പദ്ധതികൾ:

- **സ്കിൽ ഹണ്ട് എക്സാംസ്:** വിദ്യാർത്ഥികളിലെ നൈപുണ്യശേഷിയും സർഗ്ഗാത്മകതയും കണ്ടെത്തി പരിപോഷിപ്പിക്കുന്നു.
- **ലിംഗ്വിസ്റ്റിക് പ്രോജക്ട്സ്:** ഭാഷാപരമായ പ്രാവീണ്യം കൈവരിക്കുന്നതിനും ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രത്യേക പരിപാടികൾ.
- **സീറോ-ഫീ എഡ്യൂക്കേഷൻ:** അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക ബാധ്യതകളില്ലാതെ ഉന്നതവിദ്യാഭ്യാസം ഉറപ്പാക്കുന്നു.
- **കരിക്കുലം സപ്പോർട്ട് പോർട്ടൽ:** പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും പഠനസഹായത്തിനുമുള്ള ഏകീകൃത ഡിജിറ്റൽ സംവിധാനം.
- **റെസിഡൻഷ്യൽ SHE PG ക്യാമ്പസ്:** അന്താരാഷ്ട്ര നിലവാരത്തിലുള്ള താമസ-പഠന സൗകര്യങ്ങലുള്ള പെൺകുട്ടികൾക്കായുള്ള പി.ജി. ക്യാമ്പസ്.
- **അൽ അസ്ഹർ അഡ്മിഷൻ ഫെസിലിറ്റേഷൻ:** ലോകപ്രശസ്തമായ അൽ അസ്ഹർ സർവ്വകലാശാലയിലെ ഉപരിപഠന സാധ്യതകൾ വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നു.

SNEC MISSION 2030
Excellence Rooted in Ethics

# സിസ്റ്റം ഇന്നൊവേഷൻ & കമ്മ്യൂണിറ്റി ഡെവലപ്‌മെന്റ്
(System Innovation & Community Development)

**സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനൊപ്പം സമൂഹത്തിന്റെ സമഗ്ര വികസനത്തിനും ഊന്നൽ നൽകുന്ന കർമ്മപദ്ധതികൾ:**


- **ഇൻസ്റ്റിറ്റ്യൂഷണൽ സപ്പോർട്ട് പ്രോഗ്രാം:** വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് നിലവാരവും മെച്ചപ്പെടുത്താനുള്ള പിന്തുണ.
- **ഇന്നൊവേഷൻ കളക്റ്റീവ്:** നവീന ആശയങ്ങളെയും ഗവേഷണങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന ബുദ്ധിജീവികളുടെയും വിദഗ്ധരുടെയും കൂട്ടായ്മ.
- **കമ്മ്യൂണിറ്റി എഡ്യൂക്കേഷൻ പ്രോഗ്രാം:** വിദ്യാലയങ്ങൾക്കപ്പുറം പൊതുസമൂഹത്തിലേക്ക് അറിവും ബോധവൽക്കരണവും എത്തിക്കുന്ന പദ്ധതികൾ.
- **ISO സർട്ടിഫിക്കേഷൻ പ്രോസസ്സ്:** എല്ലാ സേവനങ്ങളിലും പ്രവർത്തനങ്ങളിലും അന്താരാഷ്ട്ര ഗുണനിലവാര മാനദണ്ഡങ്ങൾ (Standardization) നടപ്പിലാക്കുന്നു.
- **ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്‌മെന്റ് സിസ്റ്റം (IMS):** മാനേജ്‌മെന്റ് സിസ്റ്റം സുതാര്യവും വേഗത്തിലുമാക്കാൻ അത്യാധുനിക ഡിജിറ്റൽ സംവിധാനം.
- **ക്ഷേമപദ്ധതികൾ:** അധ്യാപകരുടെ ക്ഷേമവും വിദ്യാർത്ഥികളുടെ മാനസിക-സാമൂഹിക വളർച്ചയും ഉറപ്പാക്കുന്ന സമഗ്ര പിന്തുണ.


# SNEC വിപുലീകരണം (SNEC Expansion)

**SNEC-യുടെ സാന്നിധ്യം ആഗോളതലത്തിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള വിപുലീകരണ പദ്ധതികൾ:**
സമസ്ത സെന്റിനറി എഡ്യൂസിറ്റി:അന്താരാഷ്ട്ര നിലവാരത്തിലുള്ള എല്ലാ സ്ട്രീമുകളുടെയും കേന്ദ്രീകൃത ക്യാമ്പസ് ,റിസർച്ച് സെൻറർ ,ഹെറിറ്റേജ് മ്യൂസിയം,കൺവെൻഷൻ സെന്റർ ഉൾപ്പെടെ വിപുലമായ പദ്ധതികൾ

- **പുതിയ ക്യാമ്പസുകൾ:** അത്യാധുനിക സൗകര്യങ്ങളോടെ വിവിധയിടങ്ങളിൽ ആരംഭിക്കുന്ന പുതിയ പഠനകേന്ദ്രങ്ങൾ.
- **ഹൈബ്രിഡ് ലേണിംഗ് പ്രോഗ്രാംസ്:** നേരിട്ടുള്ള ക്ലാസുകളും ഓൺലൈൻ പഠനവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഫ്ലെക്സിബിൾ ലേണിംഗ് രീതി.
- **അഫാഖ് (AFAQ) സിലബസ് പൂർത്തീകരണം:** കേരളേതര സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള സമഗ്രവും ആധുനികവുമായ ഇസ്‌ലാമിക-ഭൗതിക സമന്വയ പഠനപദ്ധതിയുടെ പൂർണ്ണരൂപം.
- **ഡൽഹി സെന്റർ:** ദേശീയതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രാജ്യതലസ്ഥാനത്ത് പുതിയ കേന്ദ്രം.
- **മെട്രോ ലേണിംഗ് സർക്കിളുകൾ:** നഗരപ്രദേശങ്ങളിലെ പഠിതാക്കൾക്കായി രൂപീകരിച്ച സവിശേഷമായ ലേണിംഗ് ഹബ്ബുകൾ.
- **ഇന്റർനാഷണൽ കൊളാബൊറേഷൻസ്:** ആഗോള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി അക്കാദമിക് പങ്കാളിത്തവും സഹകരണവും.
- **ഗ്ലോബൽ റിസർച്ച് ഇനിഷ്യേറ്റീവ്സ്:** അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

# പ്രസിദ്ധീകരണങ്ങൾ


























## കിതാബുകൾ

വിവിധ ഭാഷകളിലായി പ്രസിദ്ധീകരിച്ച 53 ആധികാരിക കൃതികൾ.

## അക്കാദമിക് രജിസ്റ്ററുകൾ

സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനായി രൂപകൽപ്പന ചെയ്ത 13 ഔദ്യോഗിക രജിസ്റ്ററുകൾ.

## പഠന സഹായികൾ

പ്രായോഗിക പഠനം സുഗമമാക്കുന്നതിനായി തയ്യാറാക്കിയ 7 പ്രാക്ടിക്കൽ സ്റ്റഡി മെറ്റീരിയലുകൾ






AL-AZHAR






സുപ്രഭാതം










SHOT ON MI 10i






Talents' Meet
Mega Parents' Meet
Realizing the Best


Talents Meet
Panel Discussion



















Under :
Samastha Kerala Islam Matha
Vidyabhyasa Board

Central office, Samastha Karyalayam
Francis Road, Calicut- 03, Kerala, India

+91 8590555455 +91 7012007272 mail@snec.in